**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം. 320 27.09..2016 ലെ മറുപടിയ്ക്ക്

## ദേശീയ സമ്പാദ്യ പദ്ധതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.കെ.എം.മാണി, | ധനകാര്യവും കയറും വകുപ്പുമന്ത്രി ശ്രീ.റ്റി.എം. തോമസ്സ് ഐസക്ക് |
| (എ) | ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ പ്രതിമാസ പെൻഷൻ തുക എത്രയാണ്; | ദേശീയ സമ്പാദ്യ പദ്ധതിയിലെ പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്ത് 10 വർഷം നിശ്ചിത തുക പെൻഷൻ തുകയായി ഒടുക്കുന്ന ഏജന്റുമാർക്ക് മിനിമം പെൻഷനായി 600 രൂപയും, പത്ത് വർഷത്തിന് മുകളിൽ ഓരോ വർഷത്തിനും 10% അധിക പെൻഷൻ നൽകി വരുന്നു. |
| (ബി) | പ്രസ്തുത പെൻഷൻ തുക മറ്റ് സാമൂഹിക സുരക്ഷാ പെൻഷനുകളുടേതിന് തുല്യമാണോ; | പ്രസ്തുത പെൻഷൻ തുക നിലവിൽ മറ്റ് സാമൂഹിക സുരക്ഷാ പെൻഷനുകളുടേതിന് തുല്യമല്ല. |
| (സി) | അല്ലെങ്കിൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ പ്രതിമാസ പെൻഷൻ തുക മറ്റ് പെൻഷൻ തുകകളുടേതിന് സമാനമായി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ പ്രതിമാസ പെൻഷൻ മറ്റ് തുകകളുടേതിന് സമാനമാക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ